**കൊല്ലം ജില്ലയിൽ സിറ്റി പോലീസ് കമ്മീഷണറേറ്റ് രൂപീകരണം**

64 (270) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ കോർപ്പറേഷൻ കേന്ദ്രീകരിച്ച് സിറ്റി പോലീസ് കമ്മീഷണറേറ്റ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ : ഉണ്ടെങ്കിൽ അതിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടുമെന്ന് വെളിപ്പെടുത്തുമോ ;

(ബി) സിറ്റി പോലീസ് കമ്മീഷണറേറ്റിന്റെ അധികാര പരിധിയിൽപ്പെടാത്ത പോലീസ് സ്റ്റേഷനുകൾ ചേർത്ത് റൂറൽ പോലീസ് സൂപ്രണ്ട് ആഫീസ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ : ഉണ്ടെങ്കിൽ അതിന്റെ അധികാര പരിധിയിൽ ഏതെല്ലാം സ്റ്റേഷനുകൾ ഉൾപ്പെടുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 5-2-2011 -ലെ ജി. ഒ. (എംഎസ്.)32/2011/ആഭ്യന്തരം പ്രകാരം കൊല്ലം പോലീസ് ജില്ല വിഭജിച്ച് കൊല്ലം ആസ്ഥാനമാക്കി കൊല്ലം സിറ്റി പോലീസ് ജില്ലയും കൊട്ടാരക്കര ആസ്ഥാനമാക്കി കൊല്ലം റൂറൽ പോലീസ് ജില്ലയും രൂപീകരിക്കാൻ ഉത്തരവായിട്ടുണ്ട്. ഓരോ വിഭാഗത്തിന്റെയും കീഴിലുള്ള സ്റ്റേഷനുകളുടെ എണ്ണം, സ്റ്റേഷനതിർത്തി തുടങ്ങിയ വിഷയങ്ങളിൽ ഇതുവരെ തീരുമാനമായിട്ടില്ല.

**പുതിയ പോലീസ് സ്റ്റേഷനുകൾ**

65(271) ശ്രീ സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എവിടെയെല്ലാം : എപ്പോൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly